# ഇടശ്ശേരിക്കും ബുദ്ധനും ഒരേവഴി

ഡോ. എസ്. ശാരദക്കുട്ടി

കവിതയും ദർശനവും തമ്മിൽ സുദൃഢമായ ബന്ധമുണ്ടെങ്കിലും അതു കവിതയിൽ കടന്നുകൂടുന്ന ദർശനങ്ങളെ ആസ്പദമാക്കിയുള്ളതല്ല; കവിതയിലെ സുതാര്യതയിലൂടെ അനുഭൂതമാകുന്നതാണ്; കവിക്കു സവിശേഷമായി ക്കിട്ടുന്ന വരപ്രസാദമാണ് ദർശനം. അതു ചിലപ്പോൾ മറ്റു ചില ദാർശനികരുടെ ദർശനങ്ങളുമായി ഇണങ്ങിനിൽക്കുന്നതാവാം. മാനുഷികവ്യഥകളിൽ ഉത്കണ്ഠാലുവായ കവി, അവയ്ക്കു പരിഹാരം കാണാൻ ശ്രമിച്ച ദാർശനികരെ ബോധാബോധങ്ങളിൽ കൊണ്ടുനടക്കുക സ്വാഭാവികമാണ്. ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ മനുഷ്യസ്നേഹികളിലൊരാളായ ബുദ്ധൻ കവികളെ നാനാവിതാനങ്ങളിൽ ആകർഷിച്ചിട്ടുണ്ട്. മലയാളകവികളിൽ ബുദ്ധദർശനങ്ങളോട് ഏറെ ആഭിമുഖ്യം കാട്ടിയവർ ആശാൻ, ഇടശ്ശേരി, സച്ചിദാനന്ദൻ എന്നിവരാണ്. ഇവരിൽ ഇടശ്ശേരിക്കവിതകളിൽ ആവിഷ്കൃതമാകുന്ന ബുദ്ധദർശനം അന്വേഷിക്കുന്നതാണ് ഈ ലേഖനം.

ഇടശ്ശേരിക്ക് എന്നും പ്രചോദനമായിരുന്നിട്ടില്ലത് മാനുഷികപ്രശ്നങ്ങൾ തന്നെയാണ്. മനുഷ്യനെയും മാനുഷികപ്രശ്നങ്ങളെക്കുറിച്ചും കുറിച്ചു ചിന്തിക്കുന്ന ഒരാൾക്ക് അടിസ്ഥാനപരമായ കാര്യങ്ങളിൽ ബുദ്ധനെ ഒഴിവാക്കാൻ സാധ്യമല്ല. “ജീവിതമെന്ന സങ്കടകരമായ സമസ്യയെക്കുറിച്ചു ചിന്തിക്കുന്ന ഒരാൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ തന്റെ ചേതനയിൽ ഉറങ്ങിക്കിടക്കുന്ന ബുദ്ധനെ സ്പർശിച്ചുണർത്തുകയാണു ചെയ്യുന്നത്.” സ്വന്തം തെറ്റുകൾ പൊറുക്കാതെ അന്യന്റെ തെറ്റുകൾക്കു മാപ്പുകൊടുക്കാനുള്ള മഹാമനസ്കത, അന്യന്റെ തെറ്റുകൾ അറിഞ്ഞുകൊണ്ടുതന്നെ സ്വന്തം തലയിലേറ്റി പ്രായശ്ചിത്തം ചെയ്യാനുള്ള സന്നദ്ധത ഇതെല്ലാം ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളായിരുന്നു. മനുഷ്യവർഗപ്രേമമാണ് അദ്ദേഹത്തിന്റെ വരികളെ ചൈതന്യവത്താക്കുന്നത്. മനുഷ്യന്റെ അമേയമായ മഹത്വവും സിദ്ധിയും അധികാരവും അംഗീകരിക്കുന്നവരാണ് ഹ്യൂമനിസ്റ്റുകൾ. ദൈവവും മതവും മനുഷ്യസൃഷ്ടമാണെന്നവർ വിശ്വസിക്കുന്നു. യുക്തിവിചാരത്തിനു പിടികിട്ടാത്ത ഒരു പ്രകൃതിശക്തിയും ജീവിതത്തെ നിയന്ത്രിക്കുന്നതായി ഇവർ കരുതുന്നില്ല. ഇവരെ സംബന്ധിച്ചിടത്തോളം വിധിവാദംതന്നെ അർഥശൂന്യമാണ്. മനുഷ്യജീവിതത്തെ അടിസ്ഥാനമാക്കാത്ത ഒരു മൂല്യത്തിനും നിലനിൽപില്ലെന്നു ഹ്യൂമനിസ്റ്റുകൾ വിശ്വസിക്കുന്നു. സുന്ദരവും അരോഗവും ഭദ്രവുമായ ഒരു സാമൂഹികജീവിതമാണ് ഹ്യൂമനസത്തിന്റെ ലക്ഷ്യം. ഹ്യൂമനിസ്റ്റുകൾക്ക് ഈശ്വരനെക്കാൾ ആരാധ്യൻ മനുഷ്യനാണ്. എല്ലാ അർത്ഥത്തിലും ഒരു ഹ്യൂമനിസ്റ്റായിരുന്നു ഇടശ്ശേരി. ലോകത്തിലെ ഏറ്റവും നല്ല ഹ്യൂമനിസ്റ്റുകളിലൊരാളായ ബുദ്ധന്റെ സ്വാധീനം ഇടശ്ശേരിയിലുണ്ടായത് മനുഷ്യവർഗപ്രേമമെന്ന സമാനതയിലൂടെയാണ്. ദൈവമില്ലാത്ത ധർമമാണ് ബുദ്ധൻ മനുഷ്യരാശിക്കുപദേശിച്ചുകൊടുത്തത്. മനുഷ്യശക്തിയിലും നന്മയിലും വിശ്വസിച്ചുകൊണ്ട് ആത്മീയത പ്രചരിപ്പിച്ച ബുദ്ധൻ ഇടശ്ശേരിയുടെ കവിതകളിൽ സ്മൃതികളായും പ്രകടചിത്രങ്ങളായും കഥകളായും ഉപരിപ്ലവ സൂചനകളായും പ്രത്യക്ഷപ്പെടുന്നു. ആസ്തികനായിരുന്ന ഇടശ്ശേരിക്കു തന്റെ വിശ്വാസത്തെക്കുറിച്ചു പറയാനുള്ളതിതാണ്. ‘ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എല്ലാക്കാലത്തും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനെയും സ്നേഹശൂന്യതയെയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തികസാധാരണമായ വിനയവും തത്വശാസ്ത്രങ്ങളുടെ നേർക്കുണ്ടാവേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ആചാരപരമായ ഒരാദരവിനുവേണ്ടി ദാർശനികരെയോ അവരുടെ വീക്ഷണങ്ങ

**ഇടശ്ശേരിക്കും ബുദ്ധനും ഒരേവഴി**
**ഡോ. എസ്. ശാരദക്കുട്ടി**
(ഭാഷാപോഷിണി ആഗസ്റ്റ് 2001)

2

ളെയോ സമ്മതിച്ചുകൊടുക്കാൻ ഇടശ്ശേരി തയ്യാറാല്ലായിരുന്നു. ആചാര്യന്മാർ പറയുന്നതുകൊണ്ടല്ല ഒരാദർശവും മഹനീയമാവേണ്ടത്. അതു മനുഷ്യനെത്രത്തോളം ഉപകരിക്കുന്നുവെന്നുള്ളതാവണം മഹത്വത്തിന്റെ മാനദണ്ഡം. സർവപ്രധാനം ജീവിതം തന്നെ. "ജീവിതലക്ഷ്യം മുക്തിയാണെന്നത് ഏട്ടിൽ കണ്ട അറിവാണ്. എനിക്ക് ഇതേവരെ ബോധ്യപ്പെട്ടിട്ടില്ല." ഈയൊരു വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടുതന്നെയാണ് ഇടശ്ശേരി തന്റെ കവിതകളിൽ ബുദ്ധനെ സ്വീകരിക്കുന്നതും ചിലപ്പോഴൊക്കെ നിരാകരിക്കുന്നതും.

മനുഷ്യൻ ആത്യന്തികമായി നന്മതന്നെയാണെന്നു ബുദ്ധനെപ്പോലെ ഇടശ്ശേരിയും വിശ്വസിച്ചു. 'ആത്മാവിൽ പറ്റിപ്പിടിച്ചുനിൽക്കുന്ന തൊപ്പകളെല്ലാം പറിച്ചു നീക്കൂ; അപ്പോൾ കാണാം ജന്മനാ ഏതു മനുഷ്യനും നല്ലവനാണ് എന്ന് ഇടശ്ശേരി പറയുന്നു. "നിങ്ങളിൽ ഒന്നിനും കുറവില്ല. നിങ്ങൾ സ്വയം തന്നെ ബുദ്ധനിൽനിന്നു വ്യത്യസ്തനല്ല' എന്ന ബുദ്ധദർശനം മനുഷ്യനിലെ ഐശ്വരാംശത്തെ സൂചിപ്പിക്കുന്നു. മനുഷ്യൻ സുന്ദരനാണെന്നും സൂക്ഷ്മവിശകലനത്തിൽ അവൻ നന്മതന്നെയാണെന്നും ഇടശ്ശേരി എഴുതുന്നു.

"മർത്യൻ സുന്ദരനാണു, കാരണമുയിർ
ക്കൊള്ളും വികാരങ്ങൾ തൻ
നൃത്തത്തിന്നു മുതിർക്കുവാൻ സ്വയ
മണിഞ്ഞിട്ടോരരങ്ങാണവൻ
അത്യന്തം കമനീയമേ, മഹിതമായാലും
മറിച്ചാകിലും
തത്ഭാവങ്ങളപൂർണ്ണമാണളവുകോ-
ലെന്നുള്ള കാലം വരെ."

ഈ വിശ്വാസമാണ് തത്വശാസ്ത്രങ്ങളെയും വേദങ്ങളെയും ഈശ്വരനെത്തന്നെയും മനുഷ്യന്റെ പിന്നിൽ മാറ്റി നിർത്താൻ ഇടശ്ശേരിയെ പ്രേരിപ്പിച്ചത്.

"രക്ഷയ്ക്കാത്മകർമം ശരണം"

ദുഃഖം, അഹിംസ എന്നിവ ജീവിതത്തിലുടനീളം ഇടശ്ശേരിയുടെ പ്രശ്നങ്ങളായിരുന്നു. അതുകൊണ്ടാണ് അഹിംസാപ്രവാചകനും ദുഃഖസത്യാന്വേഷിയുമായ ബുദ്ധന്റെ സാന്നിധ്യം ഇടശ്ശേരിക്കവിതകളിൽ നിരന്തരം അനുഭവപ്പെടുന്നത്. ജീവിതത്തിന്റെ ആകെത്തുക ദുഃഖമാണ്. ദുഃഖവിശേഷണമായിട്ടേ സുഖം നിൽക്കുന്നുള്ളൂ. സത്യസന്ധമായി ദുഃഖത്തെയും അഹിംസയെയും നേരിടേണ്ടിവരുമ്പോൾ കവിക്കു ബുദ്ധനെതന്നെ തിരസ്കരിക്കേണ്ടിവരുന്നു. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ സിദ്ധാന്തങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും ഇടയിൽപ്പെട്ടുപോയ മനുഷ്യൻ, അഹിംസാമൂർത്തിയായ ബുദ്ധന്റെ പ്രതിമയെടുത്തു നരിയുടെ തലയ്ക്കടിച്ചു കൊല്ലുന്നു. ഇവിടെ കവിക്കു മുൻപു സൂചിപ്പിച്ചതുപോലെ വിശപ്പിനു മുന്നിൽ ആസ്തികസാധാരണമായ തത്വശാസ്ത്രവിധേയത്വം കൈമോശം വന്നുപോകുന്നു. എന്തുചെയ്താലും തെറ്റെന്നു വരുന്ന സന്ദർഭങ്ങളിൽ എന്താണു ശരി എന്നു നമുക്കു തോന്നുന്നുവോ അതിനെ ഉറപ്പിച്ചു ചെയ്യുക. തെറ്റും ശരിയും നമുക്കുള്ളതാണ്. പാപബോധമാണ് പാപം. ഇതാണു കവിക്കു പറയാനുള്ളത്.

"അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ."

ഇവിടെ സ്ഫുരിക്കുന്ന നർമബോധത്തിന്റെ അടിയിൽ ഒരു നേരുണ്ട്. ആദർശങ്ങൾ നൂറുശതമാനവും പ്രായോഗികമാകയില്ല; ആയാൽ പിന്നെ അവ ആദർശങ്ങളല്ലാതായിത്തീരുന്നു. അവയെ പ്രത്യക്ഷരം പ്രായോഗികമാക്കാനുള്ള പാഴ്ശ്രമങ്ങളുടെ നേർക്കുള്ള തന്റെ അനാര്യമായ മനോഗതി ഇദ്ദേഹം തുറന്നു സമ്മതിക്കുന്നുണ്ട്. തണുത്തു മരിക്കാറായപ്പോൾ ബുദ്ധവിഗ്രഹമെടുത്തു കത്തിച്ചു ജീവൻ രക്ഷിച്ച ബുദ്ധഭിക്ഷുവിന്റെ കഥ സെൻ ബുദ്ധിസം പറയുന്നുണ്ട്. തന്റെ പ്രബോധനങ്ങൾ എപ്പോഴെങ്കിലും സുഗമജീവിതത്തിനു തടസ്സമാകുന്നുവെങ്കിൽ അപ്പോൾത്തന്നെ അവയെ ഉപേക്ഷിക്കണമെന്നു പറഞ്ഞുബുദ്ധൻ. മരത്തിലെ ബുദ്ധനും ശിലയിലെ ബുദ്ധനും

**ഇടശ്ശേരിക്കും ബുദ്ധനും ഒരേവഴി**
**ഡോ. എസ്. ശാരദക്കുട്ടി**
(ഭാഷാപോഷിണി ആഗസ്റ്റ് 2001)

3

പുസ്തകത്തിലെ ബുദ്ധനും നശിച്ചുപോയാലും നശിക്കാതെ നിലനിൽക്കേണ്ടതു ബുദ്ധന്റെ നൈതികതയാണെന്ന് അറിയുന്ന ഇടശ്ശേരി ബുദ്ധനെ തൊട്ടറിഞ്ഞ കവിയാണ്. സ്വന്തം നിലനിൽപിനു സ്വയം പൊരുതണമെന്നാണു ബുദ്ധനെപ്പോലെ കവിയും വിശ്വസിക്കുന്നത്. മോചനമെന്നാൽ അതിജീവനം തന്നെയാണ്. 'രക്ഷയ്ക്കാത്മകർമം ശരണ'മെന്നത് ഇടശ്ശേരിക്കവിതയിലേക്കു പ്രവേശിക്കാനുള്ള താക്കോലാണ്. ഇടശ്ശേരിയൻ ദർശനത്തിന്റെ ആണിക്കല്ലും അതുതന്നെ. 'നിങ്ങളെ ഒരഗാധഗർത്തത്തിലേക്കു തള്ളിയിടാനും നിങ്ങൾക്ക് അതിൽനിന്നു സ്വയം കരകയറാനും കഴിയുന്ന ഒരു സന്ദർഭത്തിനുവേണ്ടി ഞാൻ കാത്തിരിക്കുകയാണെ'ന്ന സെൻ വചനം പറയുന്നതും 'രക്ഷയ്ക്കാത്മകർമം ശരണ'മെന്നതുതന്നെ. സ്വയരക്ഷയ്ക്ക് എറിഞ്ഞുടയ്ക്കേണ്ടത് ബുദ്ധനെയാണെങ്കിൽ ബൗദ്ധമാർഗത്തിൽ അതും ശരിതന്നെ.

തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ

ഗ്രന്ഥങ്ങളെ ഉപജീവിക്കുന്നവർക്ക് ഉറങ്ങാനാണു വിധി. അന്ധവിശ്വാസങ്ങൾ അലസനു പറഞ്ഞുനിൽക്കാനുള്ള ഉപായങ്ങൾ മാത്രമാണ്. കവി പറയുന്നതു നോക്കുക. "വിശ്വസിച്ചാൽ കൊള്ളാമെന്നുണ്ട്. സൂക്ഷ്മമായ മനസ്സിനു ചാരുവാൻ സൂക്ഷ്മതരായ ഒരു ചുമരാണല്ലോ വിശ്വാസം. പക്ഷേ–എങ്ങനെ? എത്രത്തോളം?" കാലവും കാര്യവുമൊക്കെ മാറുന്നതിനനുസരിച്ചു വിശ്വാസങ്ങൾ മാറിയേ തീരൂ. പ്രാവർത്തികമാക്കാനോ നരകതുല്യമായ ജീവിതത്തിനു പ്രയോജനപ്പെടുത്താനോ കഴിവില്ലാത്ത ആദർശങ്ങളും മുദ്രാവാക്യങ്ങളും വിളിച്ചു നടക്കുന്നതിൽ കവി വിശ്വസിക്കുന്നില്ല.

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം."

അതുകൊണ്ട് പല കവിതകളിലും ആദർശങ്ങളെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യം ചെയ്യുന്നതോ ആയ ആശയങ്ങൾ കാണാം. വേദനിക്കുന്ന മനുഷ്യനു മുന്നിൽ അലിഖിതനിയമങ്ങളൊന്നുമില്ല. ജീവിതത്തിനാണ് പരമപ്രാധാന്യം. അതിനു വെളിച്ചം പകരുന്ന ഏതൊരാശയവും സ്വീകാര്യം. അല്ലാത്തവ പരിത്യാജ്യവും. പ്രായോഗികജീവിതത്തിന്റെ പക്ഷത്തു നിൽക്കുന്ന ഈ കവിക്ക് ഒരു തത്വശാസ്ത്രത്തിലും പൂർണമായി ഉറച്ചു നിൽക്കാനാവില്ല. ജീവിതത്തിന്റെ നിർണായകമായ പ്രതിസന്ധികളിൽ തത്വശാസ്ത്രങ്ങൾ ഉറങ്ങിപ്പോകുന്നെങ്കിൽ മനുഷ്യൻ ഉണരുകതന്നെ വേണമെന്നു കവി പറയുന്നു.

"പരുത്തിനൂൽ നെയ്തതഹിംസയെങ്കിൽ
അഹിംസയത്രമേലജയ്യമെങ്കിൽ
മുനീശ്വരൻ ബുദ്ധൻ പിറന്നൊരീ മണ്ണിൽ
മുടിചൂടാഞ്ഞെന്തേ മുരഞ്ഞ ചാലിയൻ."

എന്നു കവി ചോദിച്ചുപോകുന്നു. സൈദ്ധാന്തികതലത്തിൽ മാത്രം നിൽക്കുന്ന അഹിംസയും കരുണയും വാഴ്ത്തിപ്പാടി നടക്കാനുള്ള മൂഢകവിത്വം തനിക്കില്ലെന്ന് അദ്ദേഹത്തിന്റെ കവിതകൾ ഉറക്കെപ്പറയുന്നു. ഒരു സിദ്ധാന്തത്തിന്റെയും സാക്ഷ്യപത്രമില്ലാതെ കവിക്കു പറയാനാകും.

"അഭിമുഖം നിൽപതാം ജീവന്നു ജീവൻപോ–
ലഭിമത ദർപ്പണമില്ല വേറെ."

ഇതു വൈകാരികമായ ഒരു തിരിച്ചറിവാണ്. വിഷമതരങ്ങളായ സാമൂഹിക തലങ്ങളിൽ വേരൂന്നിപ്പടരുവാൻ കഴിയുക വിഷവല്ലരികൾക്കു മാത്രമാണ്. വിത്തുപാകുന്നതിനു മുൻപ് നിലം നിരപ്പാക്കണമെങ്കിൽ യാതൊരു ചാഞ്ചല്യവും കൂടാതെ, തഴച്ചുവളർന്നു നിൽക്കുന്ന മുള്ളൻചീരകൾ പിഴുതുമാറ്റുകതന്നെ വേണമെന്നുള്ള വിശ്വാസം കാലം ചെല്ലുന്തോറും ദൃഢതരമായി.

"സുഖിതമാകട്ടെയിപ്പാരൊക്കെ യെന്നത്ര
സുലഭമായ് പാടിപ്പഠിച്ച കണ്ഠം" തന്നെ

"വിജയിക്ക മേൽക്കുമേൽ ക്രൗര്യമേ, സംസ്കാര
വിഭവത്തിലെന്നുടെ പൈതൃകം നീ."

എന്നു പാടുന്നു. മനസ്സിൽ സഹജീവി സ്നേഹവും കരുണയും ഏറെയുണ്ടായിരുന്ന കവിക്ക് അനുഭവങ്ങൾ പറഞ്ഞുകൊടുത്തത് 'ക്രൂരതേ നീതാനത്രേ ശാശ്വതസത്യ'മെന്നാണ്. കവിത ബുദ്ധിയിലൂടെ മനസ്സിലാക്കപ്പെടുന്ന സത്യമല്ല, ഹൃദയത്തിലൂടെ അനുഭവിച്ചറിയുന്ന സത്യമാണെന്ന് ഇടശ്ശേരിക്കവിതകൾ നമ്മോടു പറയുന്നു. മനുഷ്യത്വത്തിന്റെ നാനാർത്ഥങ്ങളും അറിഞ്ഞ ഈ കവിക്ക് കരുണയെന്നത് നിശ്ശബ്ദസഹനമല്ല, ശക്തമായ ചെറുത്തുനിൽപാണ്. അതുകൊണ്ടാണ് തികഞ്ഞ ഗാന്ധിയനായിട്ടും കവി ചോദിക്കുന്നത്.

"സുഖം സമസ്തലോകത്തി
നെന്നു നേരുന്ന വേളയിൽ
ആർ തൻ ശ്രേയസ്സെനിക്കാപ
ത്താച്ചീനത്തെക്കിഴിക്കയോ."

'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്നും മറ്റും കൊറിച്ചു ശീലിച്ച നമുക്ക് ഈ ചോദ്യം ഞെട്ടലുണ്ടാക്കേണ്ടതില്ല. അയൽക്കാരൻ വെടിമരുന്നുണക്കുമ്പോൾ ഞാൻ നെല്ലു ചിക്കണോ' എന്ന ചോദ്യം സത്യത്തിന്റെ അതിസൂക്ഷ്മമായ സങ്കീർണതകളിലേക്കാണു നമ്മെ നയിക്കുന്നത്. അന്യരോടു മുഴുവൻ ദയ. അവനവനോടു ക്രൂരത ഇതായിരുന്നു ഇടശ്ശേരിയുടെ ജീവിതസമ്പ്രദായം. ഗുമസ്തനായിരുന്ന കാലത്തു മറ്റൊരാൾ ചെയ്ത കുറ്റം സ്വയം ഏറ്റെടുത്ത് അയാളോടു കാരുണ്യം കാട്ടിയ സംഭവം ഇടശ്ശേരിയുടെ ജീവചരിത്രത്തെത്തന്നെ തിരുത്തിക്കുറിച്ചതാണ്. എങ്കിലും കവിതയിലൂടെ അദ്ദേഹം നൽകുന്ന സന്ദേശം മറ്റൊന്നാണ്

"വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ
വിഷവല്ലിക്കേ പറ്റൂ വേരൂന്നിപ്പിടിക്കുവാൻ."

ഭൂതകാലത്തെക്കുറിച്ചെഴുതുമ്പോഴും ഭാവനാനിഷ്ഠമായ ഭാവിയെക്കുറിച്ചെഴുതുമ്പോഴും ആനുകാലികങ്ങളായ സംഭവവിശേഷങ്ങളുണ്ടാക്കുന്ന പ്രതിപ്രവർത്തനങ്ങളിൽനിന്നു മനസ്സിനെ മുക്തമാക്കാൻ ഇടശ്ശേരിക്കു കഴിഞ്ഞിരുന്നില്ല. വർത്തമാനകാലത്തിരുന്നുകൊണ്ട് ഭാവിയെ വളരെ മുൻകൂട്ടിക്കാണുവാനും പ്രവചിക്കുവാനും കഴിഞ്ഞ ഈ കവി, ചരിത്രത്തെ പുരോഗമനോന്മുഖമായി അടയാളപ്പെടുത്തിവച്ചിരിക്കുന്നു.

## ബിംബിസാരന്റെ ഇടയൻ

ഈ കവിതയിൽ ബുദ്ധദർശനം അഗാധമായ ദർശനവ്യാപ്തി കൈക്കൊണ്ടിരിക്കുന്നു. ബുദ്ധന്റെ കണ്ണിലൂടെ മൃഗബലിയെയും ബിംബിസാരന്റെ ദൃഷ്ടിയിലൂടെ ബുദ്ധനെയും കണ്ടു പരിചയിച്ചിരുന്ന നമുക്കു കവി മറ്റൊരു കണ്ണുതരുന്നു, ഇടയന്റെ ദൈന്യം നിറഞ്ഞ കണ്ണുകൾ. ബുദ്ധസത്തയെ ശരിക്കുമറിഞ്ഞ ആട്ടിൻപറ്റങ്ങളുടെ കണ്ണുകൾ.

'ഞാനറിവീല മുനേ പിന്നാലെ-
പ്പോന്നവനെങ്കിലുമങ്ങയെ.'

എന്ന്, പ്രവാചകരുടെ വചനങ്ങളെ അപ്പാടേ പിൻതുടരുന്നതിന്റെ കഥയില്ലായ്മയിലേക്കും

'ശരിക്കുമാര്യമഹർഷേ, താങ്കളെ-
യറിവോരീയജയൂഥങ്ങൾ
അവയിൽപ്പക്ഷേ തങ്ങുന്നീലാ
കൃതജ്ഞതാവചനോപായം'

എന്നു കൃതജ്ഞതാവചനതന്ത്രങ്ങൾകൊണ്ടു പിടിച്ചു നിർത്തേണ്ട ഒന്നല്ല ബുദ്ധന്റെ നൈതികയെന്ന തിരിച്ചറിവിലേക്കും നമ്മുടെ ശ്രദ്ധതിരിക്കുന്നു. "വാക്കുകളും വിശ്വാസങ്ങളും മൂല്യങ്ങളും കേവലാശയങ്ങൾ മാത്രമായി ചുരുങ്ങിപ്പോകുമ്പോൾ കവിമനസ്സിന്റെ പ്രതിപ്രവർത്തനം കവിതയുടെ ആന്തരഘടനയിൽ സത്യമായ ഒരു ബുദ്ധനെ സൃഷ്ടിക്കുന്നു."

**ഇടശ്ശേരിക്കും ബുദ്ധനും ഒരേവഴി**
**ഡോ. എസ്. ശാരദക്കുട്ടി**
(ഭാഷാപോഷിണി ആഗസ്റ്റ് 2001)



## മൈത്രി

ബുദ്ധദർശനമനുസരിച്ചു സമഷ്ട്യധിഷ്ഠിതമായ സ്നേഹമാണു മൈത്രി. മൈത്രിയുടെ രൂപഭേദമാണ് മുദിതയും കരുണയും. സഹജീവിസ്നേഹം ബുദ്ധമതത്തിന്റെ ഭാഷയിൽ മൈത്രിയാണ്. എന്നാൽ ഈ ഗുണവിശേഷങ്ങൾ – കരുണയും സ്നേഹവുമൊക്കെ – ബുദ്ധനു മാത്രമവകാശപ്പെട്ടതല്ല എന്നുള്ളതുകൊണ്ട് ഇടശ്ശേരിയുടെ സഹജീവിസ്നേഹം ബുദ്ധദർശനത്തിന്റെ സ്വാധീനമെന്നു പറയാനായില്ല. നാം ചെയ്യുന്ന തെറ്റിനു പരിഹാരമായി കുരിശേറുകയും മുൾമുടിയണിയുകയും ചെയ്ത ക്രിസ്തുവിന്റെ ത്യാഗത്തെപ്പോലെ ഹൃദയസ്പൃക്കായി മറ്റേതൊരു ബലിയുണ്ട് എന്നു 'കാവിലെ പാട്ടി'ന്റെ അവതാരികയിൽ കവി ചോദിക്കുന്നുണ്ട്. അന്യന്റെ കുറ്റം അറിഞ്ഞുകൊണ്ടേറ്റുവാങ്ങി ശിക്ഷയനുഭവിച്ച ഒരു ചരിത്രവും അദ്ദേഹത്തിനുണ്ട്. ഇടശ്ശേരിക്കവിതയിലെ സ്നേഹം ശക്തവും ദീപ്തവുമാണ്. മുൻനിരയിൽ നിൽക്കുന്ന പ്രബലരിലല്ല, പിൻനിരയിലെ അവശരിലാണു കവി എപ്പോഴും ശ്രദ്ധിക്കുന്നത്. മുൻവരി പറ്റി ഉശിരോടെ നടക്കുന്ന ആടിനെ വിട്ട് പിന്നിൽ മുടന്തിയ കുഞ്ഞാടിലെ തോളിലേന്തിയ ബുദ്ധന്റെ കാരുണ്യമാണ് കുബ്ജയെയും ഇടയനെയും ദാരുകനെയും ഹനുമാനെയും കഥാപാത്രങ്ങളാക്കാൻ ഇടശ്ശേരിക്കു പ്രേരണയാകുന്നത്. വലിയവരുടെ പ്രവൃത്തികളെ കാണാൻ കഴിഞ്ഞതിന്റെ ഫലങ്ങളാണ് ഈ കഥാപാത്രങ്ങൾ. ഇദ്ദേഹത്തിന്റെ വേദവും ധർമവും ശാസ്ത്രവുമെല്ലാം ബന്ധപ്പെടുന്നത് മനുഷ്യനോടു മാത്രമാണ്.

"മാനവവംശ മഹാകഥ വേദം
മർത്യസ്നേഹം ധർമം
മനുജകുലം താൻ തന്റെ കുടുംബം
മതമോ ശാസ്ത്രജ്ഞാനം."

നമ്മുടെയൊന്നും കൈയിലെ മുഴക്കോലുകൊണ്ട് ഈ കവിയെ കൃത്യമായി അളക്കാനാവില്ല. ഒരു തത്വശാസ്ത്രത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും പിന്നാലേ പോകാൻ ഈ കവി തയാറല്ല. വല്ലവരും തീർത്ത കൊട്ടാരങ്ങളിൽ വാടകയ്ക്കു കഴിയുന്നതിൽ ഭേദം, തന്റെ അവിദഗ്ധമായ കരം അസമർഥമായി പണിതീർത്ത കുടിലിലെ വാസമാണെന്ന് ഈ കവി തിരിച്ചറിയുന്നു. വിധിക്കും വിഘ്നങ്ങൾക്കും മുൻപിൽ തലകുനിച്ചുകൊടുക്കാതെ, തത്വശാസ്ത്രങ്ങൾക്കുവേണ്ടി ജീവിതം ഹോമിക്കാതെ, സ്വന്തം ഇച്ഛാശക്തിയെന്ന ഭാസുരവജ്രായുധമുപയോഗിച്ചു ലക്ഷ്യത്തിലേക്കുള്ള മാർഗം തടയുന്ന പ്രത്യൂഹങ്ങളെ പിളർത്തിക്കൊണ്ട് അമരത്വത്തിലേക്കു കുതിക്കുന്ന മാർക്കണ്ഡേയനിലൂടെ മനുഷ്യശക്തിയിലുള്ള വിശ്വാസം കവി ആവർത്തിക്കുന്നു. ദുഃഖത്തെ അതിജീവിക്കാൻ മനസ്സിന്റെ ശക്തിയെ മാത്രമാണ് ഈ കവി നിർദേശിക്കുന്നത്. ദുഃഖത്തെ നശിപ്പിക്കലല്ല, മെരുക്കിയെടുക്കലുമല്ല, അതിനെ ജയിക്കുക – അതാണ് മനുഷ്യന്റെ ജയം.

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

എന്ന് ആഹ്വാനം ചെയ്ത പണിമുടക്കത്തിലെ അമ്മയും

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴി മേലുരുളട്ടെ
വിടില്ല ഞാനീ രശ്മികളെ'

എന്നു പ്രതിജ്ഞയെടുക്കുന്ന ദാരുകനും ദുഃഖത്തെ അതിജീവിക്കുന്ന മനുഷ്യന്റെ ഇച്ഛാശക്തിയുടെ പ്രതീകങ്ങളാണ്. ദുഃഖത്തെ അതിജീവിച്ചുകഴിഞ്ഞ – സ്വയം തിരിച്ചറിയുന്ന – പരമോന്നതാവസ്ഥയാണ് ബുദ്ധധർമ്മമനുസരിച്ചു ബോധി. അതുതന്നെയാണ് നിർവാണം.

## കവി ബുദ്ധൻ

വെറുമൊരൊഴുക്കൻ ഭാഷയിൽ ഇടശ്ശേരിക്കവിതയിൽ ബുദ്ധദർശനമുണ്ട് എന്നു പറഞ്ഞുപോകാൻ ആവില്ല. ഇടശ്ശേരിക്കവിതയിൽ മാത്രമല്ല ഇട

**ഇടശ്ശേരിക്കും ബുദ്ധനും ഒരേവഴി**
**ഡോ. എസ്. ശാരദക്കുട്ടി**
(ഭാഷാപോഷിണി ആഗസ്റ്റ് 2001)



ശ്ശേരിയിലും ഒരു ബുദ്ധനുണ്ട്. അതു ചരിത്രത്തിലെയോ നിറംപിടിപ്പിച്ച കഥകളിലെയോ ബുദ്ധനല്ല. കവിയുടെ സ്വന്തം ബുദ്ധൻ. സ്വന്തം ജീവിതത്തിലൂടെയും പ്രവൃത്തികളിലൂടെയും കവി ബുദ്ധത്വം നേടുന്നു. ഇതുകൊണ്ട് കവി ബുദ്ധദർശനങ്ങളെ പിൻതുടർന്നു എന്നർഥമില്ല. ബുദ്ധനെയെന്നല്ല ഒരാധ്യാത്മികാചാര്യനെയും ഒരു പ്രത്യയശാസ്ത്രത്തെയും അന്ധമായി പിൻതുടരാൻ ഈ കവി തയാറായിരുന്നില്ല. മനുഷ്യന് അവന്റെ ജീവിതപ്രതിസന്ധികളിൽ ഉപകരിക്കുന്ന അവസരങ്ങളിൽ ബുദ്ധനെ സ്വീകരിക്കുവാനും അല്ലാത്ത സന്ദർഭങ്ങളിൽ നിരാകരിക്കുവാനും കവിക്കു കഴിയുന്നു. എന്നാൽ ഈ കവിയിൽ കരുണയുടെയും മുദിതയുടെയും മൈത്രിയുടെയും സമദർശനത്തിന്റെയും ഒരു ബുദ്ധനുണ്ട്. ജീവിതയുദ്ധത്തിൽ ആയുധം താഴെയിട്ടു നിസ്സഹായനായി നിൽക്കുന്ന മനുഷ്യന് ഈ ബുദ്ധൻ കർമമാർഗമുപദേശിച്ചുതരുന്നു. തന്റെ ജീവിതം തനിക്കെന്നപോലെ മറ്റുള്ളവർക്കും പ്രയോജനപ്രദമാകണമെന്ന ബോധിസത്വദർശനം ഉള്ളിൽ പേറുന്ന ഇടശ്ശേരി. അഹിംസയുടെ വക്താവായ ബുദ്ധനെത്തന്നെ കരുണയുടെ പേരിൽ ആയുധമാക്കാൻ കവിക്കു മടിയില്ല. തന്റെ പ്രബോധനങ്ങൾക്കു പ്രസക്തി നഷ്ടപ്പെടുമ്പോൾ അവയെ ഉപേക്ഷിക്കാമെന്നു പറഞ്ഞ ബുദ്ധനെ എല്ലാ തലത്തിലും അറിഞ്ഞ കവിയാണദ്ദേഹം. കവിക്കും ബുദ്ധനും ഒരേ ധ്യാനം, ഒരേ മാർഗം, ഒരേ ബോധി.

(ഭാഷാപോഷിണി ആഗസ്റ്റ് 2001)